**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **08-08-2023 - ൽ മറുപടിയ്ക്ക്**

**വയനാട് മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മാനന്തവാടി താലൂക്കിലെ പേരിയ വില്ലേജിലെ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉള്ളതായി ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൗണിൽ ഗ്ലെൻ ലെവൽ എസ്റ്റേറ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തതും, ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 65 ഏക്കർ ഭൂമി വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് ഉടമകൾ സമർപ്പിച്ച WA No.196&500 of 2016 കേസിൽ ബഹു. ഹൈക്കോടതി 10.06.2022 ൽ പുറപ്പെടുവിച്ച വിധിയിൽ, ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് അസാധുവാക്കുകയുണ്ടായി. ആയത് പ്രകാരം സർക്കാരിന് നിലവിൽ ടി ഭൂമിയിൽ ഉടമസ്ഥാവകാശമില്ല. എന്നാൽ പ്രസ്തുത വിധിക്കെതിരെ ബഹു. സുപ്രീംകോടതി മുൻപാകെ SLP(C)99-100/2023 നമ്പർ പ്രകാരം സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത മെഡിക്കൽ കോളേജിൽ അടുത്ത അധ്യയന വർഷം മുതൽ പ്രവേശനം നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | മാനന്തവാടി ജില്ലാ ആശുപത്രിയോട് ചേർന്ന് നേഴ്സിംഗ് സ്കൂളിന് വേണ്ടി പണികഴിപ്പിച്ച മൂന്ന് നില കെട്ടിടത്തിൽ മെഡിക്കൽ കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പ്രവർത്തിച്ചുവരുന്നു. ജില്ലാശുപത്രിക്ക് വേണ്ടി NABARD മുഖേന പണികഴിപ്പിച്ച 7 നിലകെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് ആദ്യ വർഷത്തെ 4 വിഷയങ്ങൾക്കുള്ള ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കാവുന്നതാണ്. അടുത്ത അധ്യയന വർഷത്തേയ്ക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ